**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1583** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ ഗ്രൗണ്ട് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തരൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നവീകരണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 1. പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിലെ തോലനൂർ ജി.എച്ച്.എസ്.എസിലെ കളിസ്ഥലം വികസന പ്രവൃത്തിക്കായി 23.08.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 200.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും. 188.84 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ശ്രീ.മുഹമ്മദ് അലി, എന്നയാളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിലവിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്.

2.പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ടിലെ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 14.10.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 50.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും കരാറുകാരന് സൈറ്റ് കൈമാറുകയും എർത്ത് വർക്ക് കട്ടിംഗ് പ്രവൃത്തികൾക്ക് മുന്നോടിയായിട്ടുള്ള സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലിവിൽ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന മൂന്ന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**